LIBRARY ARCHIVES Kerala Legislative Assembly

ദിവസക്കൂലിയിൽ പണിയെടുക്കുന്ന ജീവനക്കാരുടെ വേതനം

50 [3033] *ശ്രീ. തോമസ് ഉണ്ണിയാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ദിവസക്കൂലിയിൽ പണി എടുക്കുന്ന എല്ലാ ജീവനക്കാരുടേയും വേതനം 'ലെറ്റർ ഓഫ് ക്രെഡിറ്റ്'-ന്റെ അടിസ്ഥാനത്തിൽ ആണോ നൽകുന്നത് എന്ന് അറിയിക്കുമോ;

(ബി) അങ്ങനെ വേതനം നൽകുന്ന എത്ര ഓഫീസുകളുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) വേജസിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഓഫീസുകളിൽ വേതനം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ അത്തരം എത്ര ഓഫീസുകളുണ്ട് എന്ന് ഓഫീസ് തിരിച്ചുള്ള കണക്ക് അറിയിക്കാമോ?

ഉത്തരം

(എ) ദേശീയപാതാ വിഭാഗത്തിൽ പാർട്ട്ടൈം സ്വീപ്പർ ഒഴികെയുള്ള ദിവസ കൂലിക്കാരുടെ വേതനം ലെറ്റർ ഓഫ് ക്രെഡിറ്റിന്റെ അടിസ്ഥാനത്തിലാണ് നൽകുന്നത്. റോഡുകളും പാലങ്ങളും വിഭാഗത്തിൽ വേതനം ലെറ്റർ ഓഫ് ക്രെഡിറ്റിന്റെ അടിസ്ഥാനത്തിലല്ല നൽകുന്നത്. കെട്ടിട വിഭാഗത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതാണ്.

(ബി) ദേശീയപാതാ വിഭാഗത്തിൻകീഴിൽ വരുന്ന 8 ഡിവിഷനുകളിൽ ഈ വിധത്തിലാണ് വേതനം നൽകുന്നത്.

(സി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ വേജസിന്റെ അടിസ്ഥാനത്തിൽ വേതനം നൽകാറുണ്ട്.

(ഡി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ ചീഫ് എൻജിനീയറുടെ കാര്യാലയം, സൂപ്രണ്ടിംഗ് എൻജിനീയർമാരുടെ കാര്യാലയം (3), എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ കീഴിലുള്ള ഡിവിഷനുകൾ (16), ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ ആഫീസുകളാണ് ഉള്ളത്.

തേർഡ് ഗ്രേഡ് ഓവർസീയർമാരുടെ റാങ്ക്ലിസ്റ്റ്

51 [3034] *ശ്രീ. എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേർഡ് ഗ്രേഡ് ഓവർസീയർമാരുടെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും എത്രപേരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;